## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2154** **11.06.2018-ൽ മറുപടിക്ക്**

<u>ആർ.സി.സി യിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതി</u>

**ചോദ്യം** — **ശ്രീ.ഡി.കെ.മുരളി**

**മറുപടി** — **കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ആർ.സി.സി യിൽ നിലവിലുണ്ടായിരുന്നതും ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പുതിയ പദ്ധതി തുടങ്ങുന്നതിനായി 2014 ആഗസ്റ്റിൽ അവസാനിപ്പിച്ചതുമായ ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതിക്കു പകരം ആവിഷ്കരിക്കുന്ന പദ്ധതിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലായി എന്ന് വിശദമാക്കാമോ; | (എ) | ആർ.സി.സി.യിൽ ക്യാൻസർ രോഗികളുടെ പാറ്റേൺ, പ്രധാനപ്പെട്ട ക്യാൻസറുകൾ അവയുടെ ചികിത്സാചെലവ്, ചികിത്സാ പ്രോട്ടോകോൾ എന്നിവയെക്കുറിച്ചുള്ള പഠനം നടത്തിയിട്ട് പുതിയ പദ്ധതി ആവിഷ്കരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്കുള്ള പഠനം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നിഷ്കർഷിക്കേണ്ട നിബന്ധനകൾ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (ബി) | പ്രസ്തുത പദ്ധതി എത്രയും വേഗം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**